STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.107/PR/SPMC/PHQ/2022 Date:05.06.2022

**പോലീസ് ആസ്ഥാനത്ത് ഡി.ജി.പി വൃക്ഷത്തെ നട്ടു**

പ്രകൃതിസംരക്ഷണത്തിനായി സ്വയംപുനരർപ്പണം ചെയ്യാൻ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ആഹ്വാനം ചെയ്തു. നന്മമരം ഗ്ലോബൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ലോക പരിസ്ഥിതിദിനാഘോഷം തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകൃതിസംരക്ഷണത്തിനായി പ്ലാസ്റ്റിക്കിന്റെ ഉപഭോഗം പരമാവധി കുറയ്ക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പരിസ്ഥിതിസംരക്ഷണത്തിനായി എല്ലാവരും തങ്ങളാൽ കഴിയുന്ന പ്രവർത്തനങ്ങൾ നടത്തണമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് അദ്ദേഹം പോലീസ് ആസ്ഥാനത്ത് വൃക്ഷത്തെ നട്ടു.

മുതിർന്ന ഉദ്യോഗസ്ഥർ, ജീവനക്കാർ, നന്മമരം ഗ്ലോബൽ ഫൗണ്ടേഷൻ പ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് നന്മമരം ഗ്ലോബൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് വൃക്ഷത്തെ നടുന്നു. (ഫോട്ടോയും വീഡിയോയും ഇതോടൊപ്പം)

*************************